# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374 — 26.06.2013-ൽ മറുപടിക്ക്

### ജീവിതശൈലീ രോഗനിയന്ത്രണത്തിനുള്ള കർമ്മ പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. റ്റി. എൻ. പ്രതാപൻ :<br>,, വി. ഡി. സതീശൻ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | ജീവിതശൈലീ രോഗനിയന്ത്രണത്തിനുള്ള ഒരു വർഷത്തെ കർമ്മ പരിപാടിയിൽ എത്ര പേർക്ക് രോഗ പരിശോധന നടത്താൻ ഉദ്ദേശമുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ജീവിതശൈലീ രോഗനിയന്ത്രണത്തിനുള്ള 2013-14 ലെ ഒരു വർഷത്തെ കർമ്മ പദ്ധതി 7 ഇന പരിപാടികളായി വിഭാവനം ചെയ്തിരിക്കുന്നു. ഇതിൽ പ്രധാനമായ ഒരു ലക്ഷ്യം 30 വയസ്സിനുമുകളിൽ പ്രായമുള്ള 1 കോടി ജനങ്ങളെ ജീവിതശൈലീരോഗ സ്ക്രീനിംഗ് നടത്തുക എന്നുള്ളതാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമെ ബോധവൽക്കരണം നടത്തുന്നതിന് സന്നദ്ധരായ സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്ന സൗജന്യ സഹായ കേന്ദ്രങ്ങളെക്കൂടി പങ്കെടുപ്പിക്കുമോ ; | (ബി) | ജീവിതശൈലീ രോഗങ്ങളിൽ മിക്കവയും അവശ്യമായ അവബോധത്തിലൂടെ ചിട്ടയായ ജീവിത രീതികൾ സ്വീകരിച്ചും വേണ്ട മുൻകരുതലുകൾ അവലംബിക്കുകയും ചെയ്യുന്നതിലൂടെ ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. സാധാരണക്കാരിലേക്ക് ഈ അവബോധം സൃഷ്ടിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതു മനസ്സിലാക്കിയാണ് ബോധവൽക്കരണ പരിപാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നത്. സ്വകാര്യ ആശുപത്രികളും സന്നദ്ധ സംഘടനകളും ഈ പ്രവർത്തനങ്ങളിൽ ലാഭേച്ഛ കൂടാതെ സഹകരിക്കാൻ തയ്യാറാവുകയാണെങ്കിൽ അതു പ്രോത്സാഹിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. |
| (സി) | ഈ കർമ്മ പരിപാടിയുടെ ഭാഗമായി "യോഗ" പരിശീലനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ? | (സി) | സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച ജീവിത ശൈലീരോഗങ്ങളുടെ 7 ഇന കർമ്മ പരിപാടിയിൽ ഒരു നിർദ്ദേശമാണ് സ്കൂൾ തലത്തിൽ യോഗ ഉൾപ്പെടെയുള്ള വ്യായാമ മുറകൾ പരിശീലിപ്പിക്കുക എന്നത്. യോഗ പരിശീലനം എങ്ങിനെ നൽകണമെന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ